**No.ZMA/SSLM/01/2017** **ദൈവകൃപയാൽ**

## അടൂർ-കടമ്പനാട് മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായും ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ഡയറക്ടറുമായ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായിൽ നിന്നും

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനീയരും, വിശ്വാസികളും ശേഷം മലങ്കര ഓർത്തഡോക്സ് ഗായകസംഘാംഗങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ വൈദീക സെമിനാരിയുടെ നിയന്ത്രണ ത്തിൻ കീഴിൽ പ്രവർത്തിച്ചുവരുന്ന സഭയുടെ ആരാധനാസംഗീത വിഭാഗമാണല്ലോ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്. കഴിഞ്ഞ 28 വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഈ സംഗീത വിദ്യാലയത്തിന്റെ പ്രധാന അമരക്കാരനായി ചുമതല നിർവ്വഹിച്ചിരുന്നത് ഏറ്റവും ആദരണീയനായ വന്ദ്യ. ഡോ. എം. പി. ജോർജ്ജ് കത്തനാർ ആയിരുന്നുവല്ലോ. എന്നാൽ ഇപ്പോൾ ബലഹീനനായ നമ്മെ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ഡയറക്ടറായി നിയമിച്ചിരിക്കുകയാണ്. പരിശുദ്ധ സഭയിലെ ഇടവകകളിലും ഇടവകകൾക്ക് പുറമെയുമായി പ്രവർത്തിക്കുന്ന ഗായക സംഘങ്ങളെ ക്രോഡീകരിക്കുകയും അവയെ നിയന്ത്രിക്കുകയും കൂടാതെ വിശ്വാസ സമൂഹത്തിന്റെ ആത്മീക അഭിവൃദ്ധിക്ക് ഉതകുന്നവിധത്തിൽ ആരാധനാസംഗീതം ഭക്തിനിർഭരമായി ആലപിക്കുന്ന തിന് ആവശ്യമായ പരിശീലനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക എന്നുള്ളതും ശ്രുതി സംഗീത വിദ്യാലയത്തിന്റെ പ്രധാന ചുമതലയിൽപ്പെട്ട കർത്തവ്യമാണ്. ഇതിനോടകം ഇടവകതലത്തിലും ഇടവകേതര മേഖലകളിലും പ്രവർത്തിക്കുന്ന ഗായക സംഘങ്ങൾ ശ്രുതി സംഗീത വിദ്യാലയത്തോട് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നു നാം വിശ്വസിക്കുന്നു. ശ്രുതി സംഗീത വിദ്യാലയത്തിന്റെ ഔദ്യോ ഗിക അംഗീകാരമില്ലാത്ത ഗായക സംഘങ്ങൾക്ക് ആരാധന സന്ദർഭ വേളകളിൽ ആരാധന ഗീതങ്ങൾ ആലപിച്ച് നേതൃത്വം നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല എന്നുള്ള പരി ശുദ്ധ സുന്നഹദോസ് തീരുമാനം വീണ്ടും നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ശ്രുതി സംഗീത വിദ്യാ ലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിവർഷം നടന്നുവരുന്ന ഗായക സംഘ സംഗമം ഈ വർഷം **"സ്മർ ശുബഹോ-2017"** എന്ന പേരിൽ കോട്ടയം പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽവെച്ച് ഒക്ടോബർ മാസം 28-ാം തീയതി ശനിയാഴ്ച സമ്മേളിക്കുകയാണ്. ഇതു സംബന്ധമായി പരി. കാതോലിക്കാ ബാവാ തിരുമനസ്സിലെ 270/2017-ാം നമ്പർ കൽപ്പന ഇതിനോടകം നമ്മുടെ ദേവാ ലയങ്ങളിൽ വായിച്ചുകാണുമല്ലോ. പ്രസ്തുത കൽപ്പനയിൽ പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് കൽപ്പിച്ചിരിക്കുന്ന പ്രകാരം **"സ്മർ ശുബഹോ-2017"** സംഗമത്തിൽ പങ്കെടുക്കുന്നതിനായി എല്ലാ ഗായകസംഘാംഗങ്ങളും എത്തിച്ചേരേണ്ടതാണ്. ഓരോ ഗായകസംഘവും 250 രൂപാ വീതം നൽകി അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ഇടവകഗായക സംഘാംഗങ്ങളെ പള്ളി ചെലവിൽ പ്രസ്തുത തുക നൽകി നിർബന്ധമായും അയയ്ക്കേണ്ടതാണ്. ഇതുസംബന്ധമായ വിശദമായ നോട്ടീസ് ഇതോടൊന്നിച്ച് അയയ്ക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

2017 ഒക്ടോബർ മാസം 12-ാം തീയതി

അടൂർ മാർ എപ്പിഫാനിയോസ് സെന്ററിൽ നിന്നും

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ